# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2930 — 20.12.2012 ൽ മറുപടിക്ക്

**സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ. സി നൽകുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ ഹൈക്കോടതി റദ്ദാക്കാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ) | സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.A.1042/12 നമ്പർ അപ്പീലിൻമേൽ 14.9.2012 ൽ ഡിവിഷൻ ബഞ്ച് വിധി പുറപ്പെടുവിച്ചു. സർക്കാരിന്റെ അപ്പീൽ തള്ളിക്കൊണ്ടും സ്കൂൾ മാനേജ്മെന്റുകൾ നൽകിയ റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടുമാണ് പ്രസ്തുത വിധി വന്നിട്ടുള്ളത്. സി.ബി.എസ്.ഇ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമാണ് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്ന നിരീക്ഷണമാണ് പ്രധാനമായും ടി വിധിയിലേക്ക് നയിച്ചത്. 07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗ നിർദ്ദേശത്തിലെ Clause (iv), (vi), (xiv) എന്നിവ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. dated 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തി അദ്ധ്യാപകരുടെയും സ്റ്റാഫുകളുടെയും ശമ്പളം Clause (viii) സംബന്ധിച്ച കോടതിവിധി അംഗീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ Clause (iv), Clause, (vi), (xiv) എന്നിവയിൻമേൽ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ